പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 3150

22.06.2012 ൽ മറുപടിയ്ക്ക്

വയോമിത്രം പദ്ധതി

ചോദ്യം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

,, പാലോട് രവി

,, സണ്ണി ജോസഫ്

,, വി.റ്റി. ബൽറാം

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ | വയോമിത്രം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | എ | 65 വയസ്സിനുമേൽ പ്രായമുള്ള വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിന് ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് വയോമിത്രം. ടി പദ്ധതിയിലൂടെ നഗരപ്രദേശങ്ങളിലെ വയോജനങ്ങൾക്ക് മെഡിസിൻ, മൊബൈൽ ക്ലിനിക്ക്, പാലിയേറ്റീവ് ഹോം കെയർ, ആംബുലൻസ് സർവ്വീസ്, ഹെൽപ്പ് ഡെസ്ക് എന്നീ സേവനങ്ങൾ സൗജന്യമായി ലഭ്യമാണ്. |
| ബി | പ്രസ്തുത പദ്ധതി ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് നടപ്പാക്കുന്നത് ; | ബി | വയോമിത്രം പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്. ടി പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണം ലഭ്യമാകുന്നുണ്ട്. ആരോഗ്യ വകുപ്പിനെ കൂടി സഹകരിപ്പിച്ച് കൂടുതൽ കാര്യക്ഷമമായി പദ്ധതി നടപ്പാക്കുന്നതിനുള്ള ശ്രമം നടന്നു വരുന്നു. |
| സി | പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | സി | 2011-12 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ 14 ജില്ലാ ആസ്ഥാനങ്ങളിലെയും കോർപ്പറേഷൻ/ മുനിസിപ്പൽ പ്രദേശത്ത് ടി പദ്ധതി നടപ്പിലാക്കുകയുണ്ടായി. പദ്ധതി വിപുലീകരണത്തിന്റെ ഭാഗമായി നടപ്പു സാമ്പത്തിക വർഷം വയനാട്, ഇടുക്കി എന്നീ ജില്ലകൾ ഒഴികെ 12 ജില്ലകളിലും തെരഞ്ഞെടുക്കപ്പെടുന്ന ഓരോ നഗര പ്രദേശങ്ങളിൽ കൂടി പദ്ധതി തുടങ്ങുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

R. Vijayak

സെക്ഷൻ ഓഫീസർ